ഉത്തരം

(എ) കോർപ്പറേഷന്റെ പരിഗണനയിലുണ്ട്.

(ബി) നെടുമങ്ങാട് പൂർണ്ണമായും ദേശസാൽക്കരിക്കപ്പെട്ട മേഖലയിൽ ഉൾപ്പെടുന്ന സ്ഥലമാണ്. അവിടെ ഇപ്പോൾ 16 ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളും 61 ഓർഡിനറി സർവ്വീസുകളും ഉൾപ്പെടെ 77 ഷെഡ്യൂളുകളുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം കോർപ്പറേഷന്റെ പരിമിതമായ വിഭവ ശേഷിയ്ക്കുള്ളിൽ നിന്നു കൊണ്ട് പല പുതിയ സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ നെടുമങ്ങാടു ഡിപ്പോയുടെ കീഴിൽ പതിനഞ്ചു ഷെഡ്യൂളുകളോടുകൂടി പാലോട് ഒരു ഓപ്പറേറ്റിംഗ് സെൻറർ 30-4-1984-ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 1984 ആഗസ്റ്റുമാസത്തിലാണ് നെടുമങ്ങാടു നിന്നും മൂന്നു അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചത്. പൂർണ്ണമായും ദേശസാൽക്കരിച്ച മേഖലകൾക്ക് പ്രത്യേക പ്രാധാന്യം നൽകുന്നതിനാൽ നെടുമങ്ങാടിനും ഈ പരിഗണന നൽകുന്നുണ്ട്.

(സി) കോർപ്പറേഷന്റെ ഇന്നത്തെ സാമ്പത്തിക പ്രതിസന്ധി മാറിക്കിട്ടിയാൽ നെടുമങ്ങാട് പുതുതായി അകപയർ ചെയ്ത സ്ഥലത്ത് ഗ്യാരേജു പണിയുവാൻ ഉദ്ദേശിക്കുന്നുണ്ട്.

താമരശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണം

253 [567] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രത്തോളമായി;

(ബി) ഈ സബ് ഡിപ്പോയുടെ എസ്റ്റിമേറ്റു തുക എത്രയാണ്;

(സി) എത്ര രൂപയ്ക്കാണ് ടെൻഡർ ഉറപ്പിച്ചു കൊടുത്തത്;

(ഡി) എന്നാണ് ടെൻഡർ ഉറപ്പിച്ചുകൊടുത്തത്;

(ഇ) ടെൻഡർ വ്യവസ്ഥകളെന്തൊക്കെയാണ്;

(എഫ്) പ്രസ്തുത ഡിപ്പോയ്ക്ക് ആവശ്യമായ മുഴുവൻ സ്ഥലവും അകപയർ ചെയ്തിട്ടുണ്ടോ;

(ജി) നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കാനും ഈ വർഷം തന്നെ പണി പൂർത്തിയാക്കാനും വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുന്നു. ഫൗണ്ടേഷൻ പണി തീർന്നു. മേൽക്കൂരപ്പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

(ബി) 11 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(സി) 16,08,300 രൂപയ്ക്ക്.

(ഡി) 27–6–1983_ൽ.

(ഇ) ഒരു വർഷത്തിനകം ജോലി തീർക്കണം എന്നതാണ് വ്യവസ്ഥ.

(എഫ്) താൽക്കാലികാവശ്യത്തിനുള്ള സ്ഥലം അകപ്പയർ ചെയ്തിട്ടുണ്ട്.

(ജി) നടപടികൾ സ്വീകരിച്ചു വരുന്നു.

കുമിളിയിൽ സബ്ഡിപ്പോ

254 [568] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുമിളിയിൽ സബ് ഡിപ്പോ സ്ഥാപിക്കുന്നതിന് ആവശ്യമുള്ള സ്ഥലം വനം വകുപ്പിനോട് കെ.എസ്.ആർ.ടി.സി. ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

ഉണ്ട്.

കോട്ടയം–ചെങ്കര ബസ് സർവ്വീസ്

255 [569] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) കോട്ടയം–ചെങ്കര കെ.എസ്.ആർ.ടി.സി. ബസ് കൃത്യമായി സർവ്വീസ് നടത്തുന്നുണ്ടോ;

(ബി) ഈ ബസ്സിന്റെ ഒരു ദിവസത്തെ ശരാശരി വരുമാനം എത്ര?

ഉത്തരം

(എ) ഉണ്ട്.

(ബി) കിലോമീറ്ററിന് 3 രൂപ 22 പൈസയാണ്.

പൊൻകുന്നം–ഉപ്പുതറ റൂട്ടിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ്

256 [570] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻകുന്നം ഗ്യാരേജിൽ നിന്നും പൊൻകുന്നം–ഉപ്പുതറ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തുന്നത് പുനരാരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) അതിനു ശേഷം എത്ര പ്രാവശ്യം ഈ സർവ്വീസ് മുടങ്ങിയിട്ടുണ്ട്;

(സി) മുടങ്ങിയതിന്റെ കാരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly